കേരള സർക്കാർ

മൃഗസംരക്ഷണവകുപ്പ്

# പെറ്റ് ഷോപ്പ് നിയമങ്ങൾ



# പെറ്റ് ഷോപ്പ് നിയമങ്ങൾ


*ചീഫ് എഡിറ്റർ*
**ഡോ. ജി.ആർ. ഹരികൃഷ്ണകുമാർ**
പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ്
സെന്റർ കുടപ്പനക്കുന്ന്

*രചന*
**ഡോ. നായർ ശ്രീജമുരളീധരൻ**
വെറ്ററിനറി സർജൻ
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ്
സെന്റർ
കുടപ്പനക്കുന്ന്

*എഡിറ്റർ*
**ഡോ.മീര അൺവിൻ ആന്റണി**
അസിസ്റ്റന്റ് ഡയറക്ടർ
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ്
സെന്റർ കുടപ്പനക്കുന്ന്



*ഡിസൈൻ & ലേ ഔട്ട്*
communiqué.tvm

# പെറ്റ് ഷോപ്പ് നിയമങ്ങൾ

അരുമമൃഗങ്ങളും, പക്ഷികളും മനുഷ്യജീവിതം ഉല്ലാസഭരിതമാക്കുന്നു. ഇവയെ തങ്ങളോടൊപ്പം വളർത്തുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. അതുകൊണ്ടു തന്നെ അരുമമൃഗങ്ങളെയും പക്ഷികളെയും വിൽക്കുന്ന സ്ഥലങ്ങൾ അഥവാ പെറ്റ്ഷോപ്പുകളും എണ്ണത്തിൽ കൂടിക്കൊണ്ടിരിക്കുന്നു. ദേശീയ ജന്തുക്ഷേമ ബോർഡിന്റെ നിയന്ത്രണത്തിൽ, സംസ്ഥാന ജന്തുക്ഷേമ ബോർഡുകളാണ് ഓരോ സംസ്ഥാനത്തിലും പെറ്റ് ഷോപ്പുകളുടെ പ്രവർത്തനം പ്രാബല്യത്തിലുള്ള നിയമങ്ങൾ പ്രകാരമാണോ എന്ന് നിരീക്ഷിക്കുന്നതും പ്രവർത്തന ലൈസൻസ് നൽകുന്നതും. മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയുക എന്ന ഉദ്ദേശത്തോടുകൂടി 1960-ൽ നടപ്പിലാക്കിയതാണ് പി.സി.എ ആക്ട്. പിൽക്കാലത്ത് മൃഗക്ഷേമോൻമുഖമായി ഉണ്ടായിട്ടുള്ള എല്ലാനിയമങ്ങളും, ഈ ആക്ടിന്റെ പരിധിയിൽ പെടുന്നവയാണ്. നിലവിലുള്ള പെറ്റ് ഷോപ്പ് നിയമങ്ങളെ കുറിച്ചുള്ള അറിവുകൾ താഴെ പ്രതിപാദിക്കുന്നു.

## പെറ്റ് ഷോപ്പ് രജിസ്ട്രേഷൻ

***പെറ്റ് ഷോപ്പ് ഉടമ ഒരു വ്യക്തി ആയിരിക്കുന്ന സാഹചര്യത്തിൽ താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമാണ്.***

- പ്രായപൂർത്തിയായവരും, സമ്പൂർണ്ണ മാനസിക ആരോഗ്യമുള്ളവരും, നിയമപരമായ മറ്റ് വിലക്കുകളില്ലാത്തവരും ആയ വ്യക്തികൾക്ക് മാത്രമേ രജിസ്ട്രേഷന് അർഹതയുള്ളു.
- വ്യക്തികളല്ലാത്ത പക്ഷം, നിയമപരമായി രജിസ്റ്റർ ചെയ്ത കോർപ്പറേഷനോ, കമ്പനിയോ വ്യക്തികളുടെ സംഘടനയ്ക്കോ രജിസ്ട്രേഷന് അപേക്ഷിക്കാവുന്നതാണ്.
- പെറ്റ് ഷോപ്പ് രജിസ്ട്രേഷൻ ചെയ്യുന്നതിലേയ്ക്കായി സ്റ്റേറ്റ് ബോർഡിലേയ്ക്ക് ഫോം 1 പ്രകാരം അപേക്ഷ നൽകുകയും 5000 രൂപ കെട്ടി വയ്ക്കുകയും ചെയ്യേണ്ടതുണ്ട്. ഈ തുക തിരികെ ലഭിക്കുന്നതല്ല.

- ഒരു വ്യക്തിയുടെ തന്നെ ഒന്നിലധികം പെറ്റ് ഷോപ്പുകൾക്ക് വെവ്വേറെ അപേക്ഷകൾ നൽകേണ്ടതാണ്. പെറ്റ് ഷോപ്പായി പ്രവർത്തിക്കുന്നതിനും വ്യാപാരം തുടങ്ങുന്നതിനും ഇത് ആവശ്യമാണ്.
- റൂൾ 2 പ്രകാരം പെറ്റ് ഷോപ്പ് ഉടമ പെറ്റ് ഷോപ്പ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളും പാലിച്ചിട്ടുണ്ടെന്ന് സത്യവാങ്മൂലം സ്റ്റേറ്റ് ബോർഡിൻ നൽകേണ്ടതാണ്.
- സബ് റൂൾ (2) പ്രകാരം സ്റ്റേറ്റ് ബോർഡിൽ അപേക്ഷ ലഭിക്കുമ്പോൾ ബന്ധപ്പെട്ട പെറ്റ് ഷോപ്പിനെ രജിസ്റ്റർ ചെയ്യുകയും Form II പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. Form III പ്രകാരം സ്റ്റേറ്റ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഒരു രജിസ്റ്റർ കടയിൽ സൂക്ഷിക്കേണ്ടതാണ്.
- സബ് റൂൾ (5) പ്രകാരമുള്ള രജിസ്ട്രേഷൻ നൽകിയതിനു ശേഷം 3 മാസത്തിനകം സർക്കാർ സർവ്വീസിലുള്ള, ഇതിനായി അധികാരപ്പെടുത്തിയ വെറ്ററിനറി ഡോക്ടറുടെ പരിശോധനയ്ക്ക് പെറ്റ് ഷോപ്പ് വിധേയമാക്കേണ്ടതാണ്.
- സബ് റൂൾ (6) പ്രകാരമുള്ള പരിശോധനയ്ക്കു ശേഷം വെറ്ററിനറി ഡോക്ടർ സ്റ്റേറ്റ് ബോർഡിന് ഔദ്യോഗിക റിപ്പോർട്ട് നൽകേണ്ടതാണ്.
- പെറ്റ് ഷോപ്പിന്റെ പരിശോധന നടത്തി വെറ്ററിനേറിയനിൽ നിന്നും തൃപ്തികരമായ റിപ്പോർട്ട് ലഭിച്ചതിനു ശേഷവും നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കിയതിനു ശേഷവും തുടർന്നുള്ള രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണ്.

***താഴെ പറയുന്ന സാഹചര്യങ്ങളിൽ രജിസ്ട്രേഷൻ നിരാകരിക്കപ്പെടുന്നു.***

- അപേക്ഷയിൽ തെറ്റായ വിവരങ്ങൾ നൽകിയിട്ടുണ്ടെങ്കിലോ, ബോധപൂർവം തെറ്റായ പ്രസ്താവനകൾ നൽകിയിട്ടുണ്ടെങ്കിലോ, തെറ്റിദ്ധാരണാജനകമായതോ കെട്ടിച്ചമച്ചതോ ആയ രേഖകൾ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലോ

- വന്യജീവി സംരക്ഷണ നിയമം (1972) പ്രകാരമോ മറ്റേതെങ്കിലും വകുപ്പിലോ, മൃഗങ്ങൾക്കെതിരായ കുറ്റത്തിനായി ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ
- ഇൻസ്പെക്ടറെയോ, സംസ്ഥാന ബോർഡ് പ്രതിനിധിയെയോ തന്റെ കടയുടെയും പരിസരത്തിന്റെയും, അരികിലെത്തുന്നതിൽ നിന്നും രേഖാമൂലം വിലക്കേർപ്പെടുത്തുന്ന പക്ഷം
- മുമ്പ് നിയമപരമായ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുകയും, വീണ്ടും രജിസ്ട്രേഷന് അപേക്ഷിക്കാതിരിക്കുന്നത് കാരണം കട മുദ്ര വയ്ക്കപ്പെടുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ
- രജിസ്ട്രേഷൻ അനുവദിക്കാത്ത സാഹചര്യത്തിൽ, ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനകം വ്യക്തിയ്ക്ക് രേഖാമൂലം കാരണസഹിതം, സംസ്ഥാന ബോർഡ് വിവരം അറിയിക്കേണ്ടതാണ്.
- സംസ്ഥാന ബോർഡ് അനുവദിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി 5 വർഷം ആണ്. അപേക്ഷയും 5000/ രൂപ ഫീസും അടച്ച് രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്.
- ഈ നിയമ പ്രകാരം അനുവദിച്ച സർട്ടിഫിക്കറ്റ് കൈമാറ്റം ചെയ്യാനാവില്ല.

***താഴെപ്പറയുന്ന കേന്ദ്രങ്ങൾക്ക് ലൈസൻസ് ബാധകമല്ല.***

- ദേശീയ ജന്തുക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജന്തുക്ഷേമ സംഘടനകൾ, തദ്ദേശ ഭരണകൂടങ്ങൾ എന്നിവരുടെ അധീനതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ
- മൃഗക്ഷേമ പ്രവർത്തനങ്ങൾക്കായി നിലകൊള്ളുന്ന മറ്റ് സ്ഥാപനങ്ങൾ. ഇവർ വിൽപ്പന, വാങ്ങൽ, മറ്റു വാണിജ്യ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടാൻ പാടുള്ളതല്ല.
- ശാസ്ത്ര പരീക്ഷണങ്ങൾക്കായി **CPCSEA** പ്രകാരം, മൃഗങ്ങളെ വളർത്തുന്ന സ്ഥാപനങ്ങൾ
- **രജിസ്ട്രേഷൻ പുതുക്കൽ**
  രജിസ്ട്രേഷന്റെ കാലാവധി അവസാനിക്കുന്നതിന്, 30 ദിവസം മുമ്പ്, ഫോം 1 പ്രകാരമുള്ള അപേക്ഷ, സ്റ്റേറ്റ് ബോർഡിൽ നൽകേ

ണ്ടതാണ്. രജിസ്ട്രേഷൻ പുതുക്കുന്നതിനായി റൂൾ 4 പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാണ്.

**രജിസ്ട്രേഷൻ ചെയ്യാത്ത പെറ്റ് ഷോപ്പുകളുടെ പ്രവർത്തനം നിരോധിച്ചിരിക്കുന്നു.**

- Form II പ്രകാരമുള്ള രജിസ്ട്രേഷൻ ഇല്ലാത്ത പെറ്റ്ഷോപ്പുകളിൽ വളർത്തുമൃഗങ്ങളുടെ ചില്ലറ/ മൊത്ത കച്ചവടമോ, വാങ്ങലോ, വിൽപ്പനയോ, കൈമാറ്റമോ ചെയ്യാൻ സാധിക്കുകയില്ല
- പെറ്റ് ഷോപ്പ് തുടങ്ങി 60 ദിവസത്തിനകം ഉടമ ഷോപ്പിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയിരിക്കണം.
- ഏതെങ്കിലും പെറ്റ് ഷോപ്പ് ഉടമയ്ക്ക് മേൽപ്പറഞ്ഞതുപോലെ 60 ദിവസത്തിനുള്ളിൽ അപേക്ഷ നൽകുവാൻ സാധിച്ചില്ലെന്നുണ്ടെങ്കിലോ, സർട്ടിഫിക്കറ്റ് നൽകുന്നത് നിരാകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ സ്റ്റേറ്റ് ബോർഡ് അല്ലെങ്കിൽ Socitey for Prevention of Cruelty to Animals എന്ന സംഘടന ടി കട നിർബന്ധമായും സീൽ ചെയ്തിരിക്കണം. കൂടാതെ കടയിൽ പ്രദർശിപ്പിച്ചിരിക്കുന്ന/സൂക്ഷിച്ചിരിക്കുന്ന വളർത്തു മൃഗങ്ങളെ കണ്ടുകെട്ടി അനുയോജ്യമെന്ന് കരുതുന്ന വിധം മജിസ്ട്രേട്ടിനു കൈമാറുകയും ചെയ്യണം (section 129 of Act Rule പ്രകാരം). എന്നിരുന്നാലും പെറ്റ് ഷോപ്പിലെ മൃഗങ്ങളെ കണ്ടുകെട്ടും മുമ്പേ പെറ്റ് ഷോപ്പ് ഉടമകൾക്ക് 30 ദിവസത്തെ നോട്ടീസ് കൊടുക്കുന്നതായിരിക്കും. ടി കാലാവധി തീരുന്നതിനു മുമ്പേയോ 60 ദിവസത്തെ കാലാവധി തീരുന്നതിനു മുമ്പേയോ പെറ്റ് ഷോപ്പിന്റെ രജിസ്ട്രേഷൻ നിരസിക്കുന്ന തീയതി മുതലോ പെറ്റ് ഷോപ്പിലെ വളർത്തു മൃഗങ്ങളെ കണ്ടുകെട്ടുന്നതായിരിക്കും.
- എല്ലാ പെറ്റ് ഷോപ്പ് ഉടമകളും രജിസ്ട്രേഷന്റെ സർട്ടിഫിക്കറ്റ് നിർബന്ധമായും കടയിൽ പ്രദർശിപ്പിച്ചിരിക്കണം.
- എസ്.പി.സി.എ യോ സംസ്ഥാന ജന്തുക്ഷേമ ബോർഡോ നിയോഗിച്ച ഇൻസ്പെക്ടർ പരിശോധനയ്ക്ക് ഷോപ്പിൽ എത്തുമ്പോൾ പെറ്റ് ഷോപ്പുകളുടെ രജിസ്ട്രേഷൻ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പരിശോധനയ്ക്കായി കട തുറന്നു നൽകേണ്ടതുമാണ്.

## അടിസ്ഥാന സൗകര്യങ്ങൾ

- അടിസ്ഥാന സൗകര്യങ്ങളായ വെള്ളം,വൈദ്യുതി, മുടക്കമില്ലാതെ വൈദ്യുതി ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്നിവ ഉള്ള അടച്ചുറപ്പുള്ള കെട്ടിടത്തിലായിരിക്കണം പെറ്റ് ഷോപ്പ് പ്രവർത്തിക്കുന്നത്.
- താൽക്കാലികമായ സംവിധാനങ്ങളിലോ, ഷെഡിലോ നടപ്പാതയിലോ ചെറ്റക്കുടിലിലോ പെറ്റ് ഷോപ്പ് തുടങ്ങുവാൻ ആർക്കും അനുവാദം ഇല്ല.
- ഒരു പെറ്റ് ഷോപ്പിലെ വളർത്തു മൃഗങ്ങളെയും പക്ഷികളെയും സൂക്ഷിക്കാൻ ഉപയോഗിക്കുന്ന കൂട്, മുറി എന്നിവ മതിയായ വലിപ്പവും വിസ്തീർണ്ണവും ഉള്ളതായിരിക്കണം.
- പെറ്റ് ഷോപ്പിൽ പാർപ്പിച്ചിരിക്കുന്ന മൃഗങ്ങൾക്ക് നിൽക്കാനും ഇരിക്കാനും നിലത്ത് കിടക്കാനും ചരിയാനും, നിവർന്നു കിടക്കാനും കൂടാതെ മറ്റു സാധാരണയായ അംഗവിന്യാസം നടത്തുവാനും സ്ഥലപരിമിതി കാരണം തടസ്സം വരാൻ പാടില്ല.
- പെറ്റ് ഷോപ്പിനകത്ത് സ്ഥാപിച്ചിരിക്കുന്ന കൂടുകൾക്കുള്ളിൽ പക്ഷികൾക്ക് പറക്കാനും, ചാടാനും, നൃത്തം ചെയ്യാനും, കയറാനും, സ്വതന്ത്രമായി സഞ്ചരിക്കാനും, അവയുടെ ചിറകുകൾ വിടർത്താനും കൂടാതെ പക്ഷികൾക്കായി ഒരുക്കിയ കൊമ്പിലോ പീഠത്തിലോ യാതൊരുവിധ തടസ്സം കൂടാതെ ഇരിക്കുവാനുമുള്ള സൗകര്യം ഉണ്ടാകേണ്ടതും ജലപക്ഷികൾക്കായി വെള്ളം നിറച്ച തൊട്ടികൾ ഒരുക്കേണ്ടതുമാണ്.
- വിൽപ്പനയ്ക്കായുള്ള പക്ഷികളെയും മൃഗങ്ങളേയും പാർപ്പിക്കുന്ന മുറിയുടെ തറ, മൃഗങ്ങളുടെ കാലുകൾക്കും പാദങ്ങൾക്കും മുറിവുണ്ടാക്കാത്ത തരത്തിലായിരിക്കണം നിർമ്മിക്കേണ്ടത്. കമ്പിവല കൊണ്ട് തറ നിർമ്മിക്കുമ്പോൾ താഴെ വീഴുന്ന വിസർജ്യവും മറ്റും ശേഖരിക്കുന്നതിനായി ഒരു തട്ടം നൽകേണ്ടതാണ്.
- പെറ്റ് ഷോപ്പുകളിൽ വളർത്തു മൃഗങ്ങളെയും, പക്ഷികളെയും വിൽപ്പനക്കായി പാർപ്പിക്കുന്ന മുറിയിലെയും പക്ഷിശാലയിലെയും താപനില അവയ്ക്ക് സുഖകരമായിരിക്കണം.

- വിവിധ വർഗ്ഗത്തിലും ഇനത്തിലും പെട്ട മൃഗങ്ങൾക്ക് അവയുടെ പ്രത്യേകതകൾ പ്രകാരം അനുയോജ്യവും സൗകര്യപ്രദവുമായ അന്തരീക്ഷ താപനിലയും സുഖകരമായ ചുറ്റുപാടും ഒരുക്കേണ്ട ത് പെറ്റ് ഷോപ്പ് ഉടമകളുടെ കടമയാണ്.
- പെറ്റ്ഷോപ്പ് ഉടമകൾ കടയ്ക്കുള്ളിൽ പ്രദർശനത്തിനും, വിൽ പ്പനയ്ക്കുമായി പാർപ്പിച്ചിരിക്കുന്ന മൃഗങ്ങളുടെയും പക്ഷികളു ടെയും വിസർജ്ജ്യവും മലിനജലവും കടയ്ക്കുള്ളിൽ നിന്നും നീക്കം ചെയ്യുന്നതിലേയ്ക്കായി വേണ്ട സൗകര്യങ്ങൾ ചെയ്യേ ണ്ടതാണ്.

***മൃഗങ്ങളെയും പക്ഷികളെയും വിൽപ്പനയ്ക്കായി പ്രദർശിപ്പി ക്കുന്ന പെറ്റ് ഷോപ്പുകളിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ ഉണ്ടായിരിക്കണം.***

- ആവശ്യത്തിന് വായുസഞ്ചാരമുണ്ടായിരിക്കണം. ശബ്ദം കു റഞ്ഞ എക്സോസ്റ്റ് ഫാനോ മറ്റു സൗകര്യങ്ങളോ ഇതിനായി സ്ഥാപിക്കേണ്ടതാണ്.
- ശബ്ദമലിനീകരണം ഒഴിവാക്കുക. ഫാക്ടറികളിൽ നിന്നും പുറം തള്ളപ്പെടുന്ന വിഷാംശം അടങ്ങിയതും ദുർഗന്ധമുള്ളതുമായ വായു ഉള്ള സ്ഥലങ്ങൾ, വലിയ ശബ്ദമുള്ള സ്ഥലങ്ങൾ എന്നിവി ടങ്ങളിൽ പെറ്റ് ഷോപ്പുകൾ പ്രവർത്തിക്കരുത്.
- അറവുശാലകളിൽ നിന്നും മാംസം വിൽക്കുന്ന കടകളിൽ നിന്നും കുറഞ്ഞത് 100 മീറ്റർ അകലം പാലിക്കേണ്ടതാണ്. പെറ്റ് ഷോപ്പിൽ പാർപ്പിച്ചിരിക്കുന്ന മൃഗങ്ങൾക്ക് ഉപദ്രവമുണ്ടാക്കുന്ന മറ്റ് മൃഗങ്ങളുടെ പ്രവേശനം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കേണ്ട താണ്.
- പെറ്റ് ഷോപ്പിൽ സ്മോക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ, അഗ്നി ശമന ഉപകരണങ്ങൾ എന്നിവ ഏതു സമയവും ഉപയോഗത്തി നായി സജ്ജമായി ഉണ്ടായിരിക്കണം.
- അസുഖമുള്ളവയെയും അസുഖം വരാൻ സാധ്യതയുള്ള മൃഗ ങ്ങളെയും, പക്ഷികളെയും മാറ്റി പാർപ്പിക്കാൻ പ്രത്യേക ഇടം (quarantine area) ഉണ്ടായിരിക്കേണ്ടതാണ്.

## മൃഗങ്ങളുടെ പരിചരണവും, ചികിത്സയും സംബന്ധിച്ചുള്ള പ്രവർത്തന നിബന്ധനകൾ

- ഷോപ്പിൽ വിൽപ്പനയ്ക്കായോ പ്രദർശനത്തിനായോ താമസിപ്പിച്ചിരിക്കുന്ന മൃഗങ്ങൾക്ക് അവയുടെ ഇനവും വർഗ്ഗവും പ്രകാരമുള്ള ചുറ്റുപാടും ആവശ്യത്തിനു വലിപ്പവും അനുയോജ്യമായ താപനിലയും വെളിച്ചവും വായുസഞ്ചാരവും ഉള്ളതുമായ അന്തരീക്ഷവും ഉറപ്പാക്കേണ്ടതാണ്.
- വിൽപ്പനയ്ക്കായി സൂക്ഷിക്കുന്ന ഓമന മൃഗങ്ങൾക്ക് അവയുടെ പോഷകാവശ്യ പ്രകാരം അനുയോജ്യമായ ആഹാരം ലഭ്യമാക്കേണ്ടതാണ്.
- മുടക്കമില്ലാതെ ശുദ്ധജലം ലഭിക്കുന്നതിനുള്ള സൗകര്യം ഉറപ്പുവരുത്തേണ്ടതാണ്.
- ആഹാരത്തിനും വെള്ളത്തിനുമായി ഉപയോഗിക്കുന്ന പാത്രങ്ങൾ വൃത്തിയായും, അണുവിമുക്തമായും സൂക്ഷിക്കേണ്ടതാണ്. വിസർജ്ജ്യവുമായി സമ്പർക്കം ഉണ്ടാവാതെ ശ്രദ്ധിക്കണം.
- വളർത്തു മൃഗങ്ങളെ, പക്ഷികളെ, സൂക്ഷിക്കുന്ന മുറിയും പക്ഷിശാല പ്രദേശവും മൃഗങ്ങളുടെ വിസർജ്ജ്യം കൊണ്ടോ മറ്റ് മാലിന്യം കൊണ്ടോ നനയുകയോ വൃത്തിഹീനമാകുകയോ ആണെങ്കിൽ ദിവസവും ഒന്നോ അതിലധികം തവണയോ വൃത്തിയാക്കുകയും അണുവിമുക്തമാക്കി സൂക്ഷിക്കുകയും വേണം. ഇത് അസുഖങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് തടയുന്നു.
- തട്ടുതട്ടായുള്ള കൂടുകൾ ഉപയോഗിക്കുന്ന അവസരത്തിൽ വെള്ളവും, ആഹാരവും, മറ്റു മാലിന്യങ്ങളും താഴത്തെ തട്ടിൽ വീഴാത്ത വിധം സൗകര്യം ഒരുക്കേണ്ടതാണ്.
- മൃഗങ്ങളെയും പക്ഷികളെയും പാർപ്പിച്ചിരിക്കുന്ന കൂടുകളിൽ നിന്നും ആഹാരാവശിഷ്ടങ്ങൾ, കാഷ്ടം, ഉപയോഗിച്ച തറവിരി, മറ്റു മാലിന്യങ്ങൾ എന്നിവ ദിവസേന ഒന്നോ അതിലധികം തവണയോ മാറ്റി വൃത്തിയാക്കേണ്ടതാണ്.
- പക്ഷിക്കൂടുകൾ കൂടുതൽ ആവർത്തി വൃത്തിയാക്കുന്നത് മാലിന്യം അടിഞ്ഞ് കൂടുന്നത് തടയുന്നു.

- പക്ഷികളെയും മൃഗങ്ങളെയും പാർപ്പിച്ചിരിക്കുന്ന സ്ഥലത്ത് അവയ്ക്ക് സ്വതന്ത്രമായി സഞ്ചരിക്കാനും വിശ്രമിക്കാനും സാധിക്കണം. കൂടാതെ മൃഗങ്ങൾക്കും പക്ഷികൾക്കും കിടക്കാൻ സൗകര്യം ഒരുക്കേണ്ടതും അത് വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ്.

- ഒരേ വർഗ്ഗത്തിലും, ഇനത്തിലും, പ്രായത്തിലും പെട്ട മൃഗങ്ങളെയും പക്ഷികളെയും മാത്രമേ ഒന്നിച്ച് പാർപ്പിക്കാവൂ. മൃഗങ്ങൾ തമ്മിലുള്ള സംഘട്ടനവും, ഇണചേരലും, ഉപദ്രവവും ഇത്തരത്തിൽ ഒഴിവാക്കാനാകും.

- തമ്മിൽ ശത്രുതയുള്ള മൃഗങ്ങളെയും പക്ഷികളെയും അടുത്തടുത്തുള്ള കൂടുകളിൽ പാർപ്പിക്കാൻ പാടുള്ളതല്ല. നായ, പൂച്ച എന്നിവയെ അടുത്തടുത്ത് പാർപ്പിക്കുരുത്. കൂടാതെ പക്ഷികൾ, മുയൽ, ഗിനി പന്നി, എലി, എലി വർഗ്ഗത്തിൽപ്പെട്ട ജന്തുക്കൾ എന്നിവയെ നായ്ക്കളുടെയും പൂച്ചകളുടെയും അടുത്ത് പാർപ്പിക്കരുത്. അത് അവയിൽ കടുത്ത സമ്മർദ്ദം ഉണ്ടാക്കാൻ ഇടയാക്കും.

- ആരോഗ്യമുള്ളവയാണെന്ന് വെറ്ററിനറി ഡോക്ടർ സാക്ഷ്യപ്പെടുത്തിയ പക്ഷികളെയും, മൃഗങ്ങളെയും മാത്രമേ വിൽക്കാൻ പാടുള്ളു.

- പക്ഷിമൃഗാദികളെ രാത്രികാലങ്ങളിൽ പരിചരിക്കുന്നതിന് ആളുകളുടെ സാന്നിധ്യവും സേവനവും ഉറപ്പ് വരുത്തേണ്ടതാണ്

- പെറ്റ് ഷോപ്പുകൾ ഗർഭാവസ്ഥയിലുള്ള മൃഗങ്ങളെയും പ്രസവശേഷം കുഞ്ഞുങ്ങളോടൊപ്പമുള്ള മൃഗങ്ങളെയും വിൽക്കുകയോ വിൽപ്പനയ്ക്കായി പ്രദർശിപ്പിക്കുയോ ചെയ്യരുത്.

- ഭക്ഷ്യാവശ്യത്തിനും മറ്റ് മൃഗോൽപ്പന്നങ്ങൾക്കുമായി വളർത്തുന്നവയെയും വിൽക്കാൻ പാടില്ല. (എന്നാൽ, മനുഷ്യാവശ്യത്തിനല്ലാതെ മൃഗങ്ങളുടെ ഭക്ഷണത്തിനായി മാത്രം വളർത്തുന്ന ചില മൃഗങ്ങളെയും ഷഡ്പദങ്ങളെയും ഈ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.)

- പെറ്റ് ഷോപ്പിലെ മൃഗങ്ങളെ കൈകാര്യം ചെയ്യുവാനും അവയുടെ പരിചരണത്തിനുമായി മതിയായ പരിശീലനം ലഭിച്ച സഹാ

യികളെ ആയിരിക്കണം നിയോഗിക്കുന്നത്. അവർ പൂർണ്ണ മാനസിക ആരോഗ്യമുള്ളവരും ആയിരിക്കണം. അക്രമാസക്തരും മാനസിക വൈകല്യം ഉള്ളവരും ആയ ആളുകളെ മൃഗങ്ങളെ പരിപാലിക്കാൻ ചുമതലപ്പടുത്താതിരിക്കുക.

- പെറ്റ് ഷോപ്പിലെ മൃഗങ്ങളെ പരിചരിക്കാൻ ആത്മാർത്ഥത ഉള്ള സഹായികളെ വേണം നിയോഗിക്കാൻ
- ആവശ്യ സന്ദർഭങ്ങളിൽ വെറ്ററിനറി സഹായത്തിനുള്ള ക്രമീകരണങ്ങൾ, എല്ലാ പെറ്റ് ഷോപ്പുകളിലും ഉണ്ടായിരിക്കണം. ആവശ്യ സമയം സേവനം ലഭ്യമാക്കാനായി ഒരു വെറ്ററിനറി ഡോക്ടറെ ബന്ധപ്പെടുവാനുള്ള വിവരങ്ങൾ (ഫോൺ നമ്പർ, പേര് മുതലായവ) സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരുടെ അറിവിലേയ്ക്കായി പെട്ടെന്ന് കാണത്തക്കവിധം വയ്ക്കേണ്ടതാണ്.
- പകർച്ച വ്യാധികളുടെയോ, സൂനോട്ടിക് (മൃഗങ്ങളിൽ നിന്നും മനുഷ്യരിലേയ്ക്കും, തിരിച്ചും പകരുന്ന) അസുഖങ്ങളുടെ പൊട്ടിപ്പുറപ്പെടലോ ഭീഷണിയോ ഉള്ള സാഹചര്യത്തിൽ തദ്ദേശ ഭരണാധികാരി, എസ്.പി.സി.എ, സ്റ്റേറ്റ് ബോർഡ്, മൃഗ സംരക്ഷണ വകുപ്പിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ എന്നിവരെ വിവരം അറിയിക്കേണ്ടതാണ്.

***എല്ലാ പെറ്റ് ഷോപ്പിലും അസുഖമുള്ളവയെയും, അസുഖമുണ്ടാകുമെന്ന് സംശയമുള്ളവയെയും മാറ്റി പാർപ്പിക്കുന്നതിനായി ഒരു പ്രത്യേക മുറി ഉണ്ടായിരിക്കണം. താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതും ഉണ്ട്.***

- പുതുതായി കൊണ്ടു വന്ന മൃഗങ്ങളെ അസുഖമുള്ളവയുമായി ഇട കലർത്തി പാർപ്പിക്കരുത്.
- മൃഗങ്ങളെ വേർതിരിച്ച് സൂക്ഷിക്കേണ്ട ഈ മുറി അസുഖമുള്ളവയെ മാറ്റിയ ശേഷം എപ്പോഴും വൃത്തിയായും അണുവിമുക്തമായും സൂക്ഷിക്കേണ്ടതാണ്.
- ഈ സംവിധാനത്തിലേയ്ക്കുള്ള പാത്രങ്ങളും ഉപകരണങ്ങളും വൃത്തിയായി സൂക്ഷിക്കേണ്ടതും മറ്റുള്ളതുമായി കൂടിക്കലരാതെ വേർതിരിച്ച് സൂക്ഷിക്കേണ്ടതുമാണ്.

- വളർത്തു മൃഗങ്ങൾക്ക് മാരകമായ  അസുഖമോ മാരകമായ മുറിവുകളോ കാരണം ആരോഗ്യാവസ്ഥയിലേയ്ക്കുള്ള തിരിച്ച് വരവ് അസാധ്യമായ സാഹചര്യത്തിൽ വെറ്ററിനറി കൗൺസിൽ ഓഫ് ഇന്ത്യ മാനദണ്ഡ പ്രകാരം മൃഗഡോക്ടറുടെ സഹായത്തോടെ ദയാവധത്തിന് വിധേയമാക്കേണ്ടതും, അവയുടെ കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.  സ്റ്റേറ്റ് ബോർഡിൻ ഇത് സംബന്ധിച്ച റിപ്പോർട്ട്/അറിയിപ്പ്  നൽകേണ്ടതാണ്.
- മരണപ്പെട്ട മൃഗങ്ങളുടെ ജഡം/മൃതശരീരം എത്രയും വേഗം മറ്റ് മൃഗങ്ങളുടെ മുമ്പിൽ നിന്നും മാറ്റേണ്ടതും, അവ മറവു ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കേണ്ടതുമാണ്.
- എല്ലാ പെറ്റ് ഷോപ്പുകളും അവരുടെ ഷോപ്പിന്റെ ലൈസൻസ് കടയിൽ പ്രദർശിപ്പിക്കേണ്ടതാണ്.
- പെറ്റ് ഷോപ്പിൽ  വിൽപ്പനയ്ക്കായി വച്ചിരിക്കുന്ന മൃഗങ്ങളുടെ ഇനം, എണ്ണം വില എന്നിവ പ്രദർശിപ്പിക്കേണ്ടതാണ്.
- ഓരോ മൃഗത്തിന്റെയും വിൽപ്പനയുടെ രസീത് ഫോം 4 ൽ നൽകേണ്ടതും, രസീതിന്റെ ഒരു പകർപ്പ് കടയിൽ സൂക്ഷിക്കേണ്ടതുമാണ്.
- ഒരു പെറ്റ് ഷോപ്പ് ഉടമ അംഗച്ഛേദം വന്ന മൃഗങ്ങളെ വിൽക്കുവാൻ പാടുള്ളതല്ല. എന്നാൽ രോഗം ഭേദമാക്കുന്നതിനുള്ള ശസ്ത്രക്രിയയുടെ ഭാഗമായുള്ളതാണ് അത് എങ്കിൽ ഒരു വെറ്ററിനറി ഡോക്ടറുടെ സാക്ഷ്യപത്രത്തോടു കൂടി ഒഴിവാക്കാവുന്നതാണ്.
- അമ്മയിൽ നിന്നും വേർപിരിക്കാത്തതോ പ്രായപൂർത്തി ആകാത്തതോ ആയ ഓമന മൃഗങ്ങളെ അല്ലെങ്കിൽ പക്ഷികളെ വിൽക്കുവാൻ പാടില്ല.
- പെറ്റ് ഷോപ്പിൽ വിൽപ്പനയ്ക്കായി വച്ചിരിക്കുന്ന ഓരോ നായ്ക്കുട്ടിയ്ക്കും ഒരു വെറ്ററിനേറിയന്റെ സഹായത്തോടെ മൈക്രോ ചിപ്പ് ഘടിപ്പിച്ച് നൽകേണ്ടതാണ്.  എല്ലാ പെറ്റ് ഷോപ്പിനും പ്രവർത്തന ക്ഷമമായ മൈക്രോ ചിപ്പ് റീഡര് ഉണ്ടാകേണ്ടതാണ്. നിയമപ്രകാരം മൈക്രോ ചിപ്പുള്ള നായകുട്ടികളെ മാത്രമേ വിൽക്കുവാൻ പാടുള്ളു.

- 16 ആഴ്ചയ്ക്ക് മേൽ പ്രായമായ നായകുട്ടികൾക്കായി ജനുസ്സിന്റെ പ്രത്യേകതകൾ പ്രകാരം വെറ്ററിനറി ഡോക്ടര് രേഖാമൂലം നിഷ്ക്കർഷിച്ച ഒരു എക്സർസൈസ് (വ്യായാമ രീതി) ഉണ്ടായിരിക്കണം. അത് കൃത്യമായി പാലിക്കേണ്ടതും ആണ്.
- വിൽപ്പനയ്ക്കായി പ്രദർശിപ്പിച്ച് മൂന്ന് മാസത്തിനു ശേഷവും വിൽപ്പനയാകാത്ത നായ്ക്കുട്ടികളെ ദത്തെടുത്ത് വളർത്തുന്നതിനോ മറ്റു പാർപ്പിടങ്ങളിലേയ്ക്ക് മാറ്റുന്നതിനോ ഉള്ള ക്രമീകരണങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്. ഇങ്ങനെയുള്ള ദത്തെടുക്കലുകളുടെയും മാറ്റി പാർപ്പിക്കലുകളുടെയും രേഖകൾ സൂക്ഷിക്കേണ്ടതാണ്. വിറ്റ് പോകാത്ത മൃഗങ്ങളെ തെരുവിലോ മറ്റിടങ്ങളിലോ യാതൊരു കാരണവശാലും ഉപേക്ഷിക്കാൻ പാടില്ല.
- പെറ്റ് ഷോപ്പിൽ വളർത്തു മൃഗങ്ങൾക്കായി ഗ്രൂമിംഗ് സർവ്വീസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഇക്കാര്യം ലൈസൻസ് എടുക്കുന്നതിനുള്ള അപേക്ഷാ ഫോമിൽ രേഖപ്പെടുത്തേണ്ടതാണ്. ഗ്രൂമിംഗ് സർവീസിനായുള്ള സംവിധാനം മൃഗങ്ങളെ പാർപ്പിച്ചിരിക്കുന്നിടത്തു നിന്നും, ഫുഡ് സ്റ്റോറേജ് സംവിധാനത്തിൽ നിന്നും വേർതിരിച്ചിട്ടുണ്ടാകണം.
- പെറ്റ് ഷോപ്പിൽ മൃഗങ്ങളെ പാർപ്പിക്കുന്ന സ്ഥലത്ത് വളർത്തു മൃഗങ്ങളുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ മറ്റു സാമഗ്രികൾ എന്നിവ പ്രദർശിപ്പിക്കുകയോ വിൽക്കുകയോ ചെയ്യാൻ പാടുള്ളതല്ല.
- പ്രദർശിപ്പിച്ചിരിക്കുന്ന മൃഗങ്ങളെ വിൽക്കുമ്പോൾ ആ മൃഗവുമായി ബന്ധപ്പെട്ട സ്വഭാവ വിശേഷങ്ങൾ, പെരുമാറ്റ രീതി, ആഹാരക്രമം, മറ്റ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ എഴുതി ചേർത്ത ലഘുലേഖകൾ, നിർദ്ദേശങ്ങൾ എന്നിവ നൽകേണ്ടതാണ്.
- പ്രായപൂർത്തി ആകാത്ത ഒരു വ്യക്തിയ്ക്ക് പെറ്റ് ഷോപ്പിൽ നിന്നും വളർത്തു മൃഗങ്ങളെ വിൽക്കാൻ പാടുള്ളതല്ല.
- മൃഗങ്ങളുടെ പാർപ്പിടം, മേൽനോട്ടം, പരിചരണം എന്നിവയിൽ അങ്ങേയറ്റം ശ്രദ്ധ പതിപ്പിക്കേണ്ടതും, തീ പിടുത്തം, മറ്റു മൃഗങ്ങളുടെ ആക്രമണം, അപകടങ്ങൾ എന്നിവയിൽ നിന്നും സംരക്ഷണം ഏർപ്പെടുത്തേണ്ടതുമാണ്.

- മാസത്തിലൊരിക്കലെങ്കിലും ഒരു വെറ്ററിനറി ഡോക്ടർ ഓരോ മൃഗത്തെയും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ക്രമീകരണം, പെറ്റ് ഷോപ്പ് ഉടമ ഉറപ്പു വരുത്തേണ്ടതാണ്. അസുഖം സംശയിക്കുന്ന അവസരത്തിലും വെറ്ററിനറി ഡോക്ടറുടെ സേവനം ഉറപ്പാക്കേണ്ടതാണ്.

## രേഖകൾ സൂക്ഷിക്കൽ

- ഫോം V, VI, VII, VIII പ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും, സ്റ്റേറ്റ് ബോർഡിന്റെയോ മൃഗങ്ങളെ വാങ്ങുന്നവരുടെ ആവശ്യ പ്രകാരം പരിശോധനയ്ക്ക് നൽകേണ്ടതുമാണ്..
- ദേശീയ ജന്തുക്ഷേമ ബോർഡിന്റെ (AWBI) യുടെ വെബ് സൈറ്റിൽ എല്ലാ ഷെഡ്യൂളുകളുടേയും നിയമങ്ങളുടെയും പകർപ്പ് ലഭ്യമാണ്.



**THE FIRST SCHEDULE**
**FORM I**
**[See rules 4(2) and 5]**
**APPLICATION FORM FOR REGISTRATION/RENEWAL**

To

The State Animal Welfare Board,
......................................................
(Name of the district and State)

Subject: Application for grant of license for Pet Shop

Sir,

I/We ................................. r/o................................................... with office addre ss...................................................................do hereby apply for registration to operate/continue operating a pet shop, the particulars of which are set out below:-

- Name and address of the pet shop:
- Name and address of pet shop owner:
- Telephone number (landline and mobile):
- Details of accommodation and infrastructure available at proposed pet shop with photographs:
- Working hours and rest day, i,e day on which shop shall remain closed:
- Ventilation arrangement:
- Lighting arrangement:
- Smoke -detection and fire fighting arrangement:
- Heating or cooling arrangement, and manner in which comfortable temperature will be maintained for all pet animals
- Power back-up arrangement:
- Arrangement for food storage:
- Cleanliness, how proposed to be maintained, and arrangements for removal of animal excreta and waste:
- Arrangement for disposal of animals that die:
- Arrangement for medical and veterinary support:
- Details of pet animals proposed to be displayed or housed in the pet shop for sale:
- Details of cheque or demand draft number for payment of fee:
- Species and breeds of pet animals available for sale:
- Age of each pet animal available for sale:
- Records from the previous year of number of animals sold, prices at which sold, copies of receipt issued, animals deaths and all other records required by the Prevention of Cruelty to Animals (Pet Shop) Rules, 2018 these rules to be maintained:
- Audited balance sheets and profit and loss accounts:

I/We do hereby declare that the information provided herein is accurate and true.

Place:

Date: Signature of Applicant

(ADDITIONAL INFORMATION PERTAINING TO THE FULL RECORDS OF THE PRECEDING YEAR TO BE PROVIDED IN APPLICATIONS FOR RENEWAL OF REGISTRATION)

പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ
മൃഗസംരക്ഷണപരിശീലനകേന്ദ്രം
കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം 695 043
ഫോൺ : 04712732918, 9188522701



Printed and published by Dr. Harikrishnakumar G R, owned by Department of Animal Husbandry and Printed at Kerala Books and Publication Society, Kakkanad, Kochi - 30
Published at Livestock Management Training Centre, Kudappanakunnu, Thiruvananthapuram - 695 043 Editor Dr. Meera Unwin Antony